# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

14.11.2017 12.30-പി.എം.ന് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 6755/പി & ഡി-3/2/2017/ ഭരണവിഭാഗം          തീയതി. പി.ഡി.ഹിൽസ് – 15.11.2017

പരാമർശം: 1) 14.11.2017 12.30-പി.എം.ന് ബഹു: വിസിയുടെ ചേംബറിൽ കൂടിയ റൂസ പദ്ധതി അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.
2) 14.11.2017-ലെ റൂസ പദ്ധതി അവലോകന സമിതി യോഗത്തിന്റെ അജൻഡ.

## ഉത്തരവ്

പരാമർശം (1) പ്രകാരം റൂസ പദ്ധതിയുടെ അവലോകന സമിതിയുടെ യോഗം 14.11.2017 12.30-പി.എം.ന് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേരുകയുണ്ടായി. പ്രസ്തുതയോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

1. വൈഫൈ, ഇ-ക്ലാസ് റൂം പദ്ധതികൾ നടപ്പാക്കുന്നതിനായി M/s കെൽട്രോണിന് സപ്ലൈ/വർക്ക് ഓർഡർ നൽകിയതിനെത്തുടർന്ന് പ്രസ്തുത സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ സംബന്ധിച്ച് യോഗം ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

എ) പ്രവൃത്തി പൂർത്തിയാക്കുവാനുള്ള കാലവധി 6 മാസമായി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചു.

ബി) പ്രവൃത്തിയ്ക്കായുള്ള കരാറിൽ ഒപ്പു വയ്ക്കുന്ന മുറയ്ക്ക് 50% തുക മൊബിലൈസേഷൻ ഫണ്ട് എന്ന രീതിയിൽ മുൻകൂറായി നൽകുവാനും അടുത്ത 40% പ്രവൃത്തിയ്ക്കായുള്ള വസ്തുക്കൾ എത്തിയ്ക്കുന്ന മുറയ്ക്കും ബാക്കി 10% പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്കും നൽകുന്നതിന് തീരുമാനിച്ചു.

സി) M/s കെൽട്രോണിന്റെതല്ലാത്ത കാരണങ്ങളാൽ ഉണ്ടാകുന്ന 'ഡൗൺ ടൈം പിഴ' ഒഴിവാക്കി നൽകുവാൻ തീരുമാനിച്ചു.

ഡി) M/s കെൽട്രോണിന് പദ്ധതി നടത്തിപ്പിന്റെ അംഗീകരിച്ച കരാർ തുകയായ 4,97,12,375/- (നാല് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി എഴുപത്തിഞ്ച് രൂപ മാത്രം) രൂപയുടെ 50%, പ്രസ്തുത സ്ഥാപനവുമായി കരാർ ഒപ്പിട്ട് 17.11.2017, 5 പി.എം-ന് മുൻപ് ചെക്ക് ആയി നൽകുന്നതിന് തീരുമാനിച്ചു.

ഇ) 17.11.2017, 5 പി.എം-ന് മുൻപ് പേയ്മെന്റ് നടപടികൾ പൂർത്തിയാക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

(മറുപുറം...)

2. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി സർവകലാശാലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 400 കെ.വി. സൗരോർജ്ജ വൈദ്യുത പദ്ധതിയ്ക്കായി പുറപ്പെടുവിച്ച റീ-ടെൻഡർ കാലതാമസം ഉണ്ടാവും എന്നതു പരിഗണിച്ച് റദ്ദ് ചെയ്യുവാൻ തീരുമാനിച്ചു.

പദ്ധതി നടപ്പാക്കൽ, സോളാർ പദ്ധതിയ്ക്കായുള്ള കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ WAPCO എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

WAPCO-യുമായി ബന്ധപ്പെട്ട്, പ്രോജക്ട് റിപ്പോർട്ട്, ഡ്രാഫ്റ്റ്എഗ്രിമെന്റ് എന്നിവ 17.11.2017, 5 പി.എം.ന് മുൻപ് സമർപ്പിക്കുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.

പ്രോജക്ട് റിപ്പോർട്ടും ഡ്രാഫ്റ്റ് എഗ്രിമെന്റും പരിഗണിക്കുന്നതിനായി 18.11.2017-ന് റൂസ കമ്മിറ്റി വീണ്ടും ചേരുന്നതിനും നടപടി ക്രമങ്ങൾ പൂർത്തിയാക്കി 21.11.2017-നുള്ളിൽ 80% മുൻകൂർ തുക നൽകുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കുവാൻ തീരുമാനിച്ചു.

പണം നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചു കഴിഞ്ഞാൽ പേയ്മെന്റ് നൽകുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.

3. വൈഫൈ അനുബന്ധ പദ്ധതികൾ നടപ്പാക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് മേൽ നോട്ടം വഹിക്കുന്നതിനും സപ്ലൈ ചെയ്യുന്ന ഉപകരണങ്ങൽ/വസ്തുക്കൾ പരിശോധിക്കുന്നതിനും ബില്ലുകൾ അംഗീകരിക്കുന്നതിനും പൂർത്തിയാക്കുന്ന പ്രോജക്ട് ഇൻസ്റ്റലേഷൻ റിപ്പോർട്ട് നൽകി ഏറ്റെടുക്കുന്നതിനും സിവിൽ ഇലക്ട്രിക്കൽ പദ്ധതികൾക്ക് ശ്രീ. റോയി ജോർജ്ജ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും ഇലക്ട്രോണിക് പദ്ധതികൾക്ക് ശ്രീ. മധു വി.റ്റി., ഐ.റ്റി. ഏകോപനാധികാരിയേയും ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

4. സി-ടെക്സിനും ഇ ഗവേണൻസിനുമായി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി പുറപ്പെടുവിച്ച ഇ ടെൻഡറുകൾ പ്രകാരം ലഭിച്ച ടെൻഡറുകളിൽ ടെക്നിക്കൽ യോഗ്യതയുള്ള ടെൻഡറുകളുടെ ഫിനാൻഷ്യൽ ബിഡുകൾ തുറന്ന് 14.11.2017, 4 പി.എം.നു മുമ്പായി ഫയൽ സമർപ്പിക്കേണ്ടതാണെന്നു തീരുമാനിച്ചു.

5. സി-ടെക്സിനായും ഇ ഗവേണൻസിനുമായും വാങ്ങുന്ന കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്യുന്ന മുറയ്ക്ക് സ്വീകരിക്കുന്നതിനും ബില്ലുകൾ അംഗീകരിക്കുന്നതിനും ആവശ്യമായ രീതിയിൽ കമ്പ്യൂട്ടറുകൾ വിന്യസിച്ച് ഇൻസ്റ്റലേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ശ്രീ. മധു വി.റ്റി., ഐ.റ്റി. ഏകോപനാധികാരിയെ ചുമതലപ്പെടുത്തി.

6. പൂർത്തിയായ/പൂർത്തിയാക്കി വരുന്ന പദ്ധതികളുടെ (പെയിന്റ് & നവീകരണം, ഹോസ്റ്റൽ കിച്ചൻ നവീകരണം, ഇന്റർ ലോക്ക് കട്ടകൾ പാകുന്നത്, റോഡ് നിർമ്മാണം) പേയ്മെന്റിനത്തിൽ 90,00,000/- (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) രൂപയുടെ ബില്ലുകൾ

ഉടനെ സമർപ്പിച്ച് 25.11.2017-നു മുമ്പായി പേയ്മെന്റ് നടപടികൾ പൂർത്തിയാക്കുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.

പേയ്മെന്റ് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.

7. റൂസ പദ്ധതികൾ സംബന്ധിച്ച് 30.11.2017 വരെയുള്ള ധന ഇടപാടുകൾ മാത്രം ചെക്ക് മുഖാന്തിരം നടത്തുന്നതിനും 01.12.2017 മുതൽ റൂസ സംബന്ധിച്ച എല്ലാ ധന വിനിയോഗങ്ങളും പി.എഫ്.എം.എസ്. പോർട്ടൽ വഴി മാത്രം നടത്തുന്നതിനും തീരുമാനിച്ചു.

   01.04.2017 മുതൽ 30.11.2017 വരെയുള്ള ചെക്കു മുഖേനയുള്ള റൂസ ധന വിനിയോഗങ്ങൾ പ്രത്യേകം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി 15.12.2017-നുള്ളിൽ പി.എഫ്.എം.എസ്. പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു. ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.

8. IIUCSSM-ൽ മ്യൂസിക് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കുന്നതിനും 50% തുക മുൻകൂറായി നൽകുന്നതും സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാർ, IIUCSSM. ഡയറക്ടർ, സർവകലാശാല എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി.

   ശുപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിക്കുകയുണ്ടായി.

   തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**തുളസീലാൽ ആർ.എൻ.**
**ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. ഡോ. കെ. ഷെറഫുദ്ദീൻ, സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി കൺവീനർ, ഫിനാൻസ്
4. സർവകലാശാല എഞ്ചിനീയർ
5. ശ്രീ. റോയ് ജോർജ്ജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ
6. ശ്രീ. മധു. വി.റ്റി., ഐ.റ്റി. ഏകോപനാധികാരി
7. ഡയറക്ടർ, IIUCSSM
8. ഫിനാൻസ് IV/ഓഡിറ്റ് I
9. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
10. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
11. സി.എം.സ്
12. എസ്.എഫ്/എഫ്.സി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം: പി & ഡി-3/2/702/281/2016/ഭരണവിഭാഗം (സബ് ഫയൽ)**